ഹർത്താലിന്റെ പേരിൽ യൂണിവേഴ്സിറ്റി പരീക്ഷകൾ മാറ്റിവച്ച സംഭവം

397 [2460] ശ്രീ. സി. പി. മുഹമ്മദ്:

,, കെ. എ. ചന്ദ്രൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, എ. പി. അനിൽകുമാർ:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹർത്താലിന്റെ പേരിൽ സംസ്ഥാനത്ത് ഇക്കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ യൂണിവേഴ്സിറ്റി പരീക്ഷ മാറ്റിവച്ച സംഭവങ്ങളുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതെല്ലാം;

(ബി) സർവ്വകലാശാലകളിൽ ഇക്കാലത്തിനുള്ളിൽ പരീക്ഷകൾ എത്ര പ്രാവശ്യം ഇക്കാരണത്താൽ മാറ്റി വയ്ക്കപ്പെട്ടിട്ടുണ്ട്;

(സി) ഇതിന്റെ ഫലമായി ഫലപ്രഖ്യാപനത്തിൽ എന്ത് കാലതാമസം വരാനിടയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ സർവ്വകലാശാലകളുടെയും ബിരുദ ബിരുദാനന്തര പരീക്ഷകൾ മാറ്റിവച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) എല്ലാ ഹർത്താലിലും പരീക്ഷകൾ മാറ്റിവച്ചിട്ടുണ്ട്. പ്രത്യേക ജില്ലകളിൽ നടന്ന ഹർത്താലുകൾക്ക് മൊത്തം ജില്ലകളിലേയും പരീക്ഷ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അസൗകര്യം കണക്കിലെടുത്ത് മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) എം. ജി. സർവ്വകലാശാല ഒഴിച്ചുള്ള സർവ്വകലാശാലകളിൽ ഫല പ്രഖ്യാപനത്തിൽ കാലതാമസം ഉണ്ടായിട്ടില്ല.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ നിയമനങ്ങൾ

398 [2461] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, പി. ടി. തോമസ്:

,, ജോർജ് ജെ. മാത്യു:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അസിസ്റ്റന്റ് ഗ്രേഡ് 2, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരുടെ നിയമനത്തിനായി 2000 ഫെബ്രുവരി 27-ന് എഴുത്തുപരീക്ഷ നടത്തിയിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആ സർവ്വകലാശാലക്കുവേണ്ടി ഈ എഴുത്തുപരീക്ഷ നടത്തിയതാരായിരുന്നു എന്ന് പറയാമോ;

(സി) എഴുത്തുപരീക്ഷ നടത്തിയകാലത്തുതന്നെ അതിന്റെ ചോദ്യപേപ്പർ പരീക്ഷയ്ക്കുമുമ്പായി പുറത്തായതായി ആരോപണമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സർവ്വകലാശാലയിലെ ഉന്നതർക്ക് പരീക്ഷയ്ക്കുമുമ്പായി ചോദ്യപേപ്പർ കിട്ടിയതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച പത്രവാർത്തയെപ്പറ്റി അന്വേഷിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ പരീക്ഷയിൽ റാങ്കുനേടിയവരെ സർവ്വകലാശാലയിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അതെ.

(ബി) തിരുവനന്തപുരം ആസ്ഥാനമായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ. എം. ജി.) എന്ന സർക്കാർ സ്ഥാപനമാണ് സർവ്വകലാശാലക്കുവേണ്ടി എഴുത്തുപരീക്ഷ നടത്തിയത്.

(സി) ചോദ്യപേപ്പർ പരീക്ഷക്കുമുമ്പായി പുറത്തായതായി ആരോപണമുണ്ടായിരുന്നു. അതിനെക്കുറിച്ച് കേരള ലോകായുക്ത അന്വേഷിക്കുകയും ആ ആരോപണത്തിൽ കഴമ്പില്ല എന്നു കണ്ടെത്തി കേസ് അവസാനിപ്പിക്കുകയും ചെയ്തു.

(ഡി) സർവ്വകലാശാലയിലെ ഉന്നതർക്ക് പരീക്ഷയ്ക്കുമുമ്പായി ചോദ്യപേപ്പർ കിട്ടിയിട്ടില്ല എന്ന് സർവ്വകലാശാല സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഇ) ലോകായുക്തയെപ്പോലെയുള്ള ഒരു ഉന്നത നീതിപീഠം അന്വേഷിച്ച് ആരോപണത്തിൽ കഴമ്പില്ല എന്ന് കണ്ടെത്തിയ സാഹചര്യത്തിൽ യൂണിവേഴ്സിറ്റി മറ്റൊരന്വേഷണത്തിന് മുതിരുകയുണ്ടായില്ല.

(എഫ്) ഐ. എം. ജി. നടത്തിയ പരീക്ഷയിൽ റാങ്ക് നേടിയ ഉദ്യോഗാർത്ഥികളെ സർവ്വകാലാശാലയിൽ നിയമിച്ചിട്ടുണ്ട്. ഐ. എം. ജി. നൽകിയ റാങ്ക് ലിസ്റ്റുകളിൽ നിന്നും 63 പേരെ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേക്കും 75 പേരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കും നാളിതുവരെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly